വച്ചിട്ടുന്നില്ല. എന്നാൽ, എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണുള്ളത്. ഈ 19 പദ്ധതികളിൽ രണ്ടെണ്ണം പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## കൊട്ടാരക്കര വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും നടപ്പിലാക്കിയ പ്രവൃത്തികളും

221 (3375) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റേതായി ഒരു ഏക്കർ ആറ് സെന്റ് ഭൂമിയുണ്ട്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത പ്രവൃത്തികൾ

1. 283 സംരംഭക യൂണിറ്റുകൾ തുടങ്ങുന്നതിനായി EM Part-II ഫയൽ ചെയ്തിട്ടുണ്ട്.
2. PMEGP പദ്ധതി പ്രകാരം 13 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ പദ്ധതി ചെലവ് - 1,13,00,000 രൂപ.
3. സംരംഭക സഹായ പദ്ധതിപ്രകാരം 19 വ്യവസായ യൂണിറ്റുകൾക്കായി 33.38 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകി.
4. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 4 സെമിനാറും 7 ഇൻഡസ്ട്രിയൽ അവയർനസ് പ്രോഗ്രാമും 3 സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗും നടത്തി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. 62 യൂണിറ്റുകൾക്കായി 572.4 ലക്ഷം രൂപയുടെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് വ്യവസായ വാസ്തുസ്ഥാപി ബോർഡിലേയ്ക്ക് ശിപാർശ ചെയ്തു.

**ഇലക്ട്രോണിക് ഇടപാടുകളിൽ കേരളത്തിന് ഒന്നാം സ്ഥാനം**

222 (3376) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഇലക്ട്രോണിക് ഇടപാടുകൾ നടത്തുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന് ഈ ബഹുമതി ലഭിച്ചിട്ടുള്ളത് ;

(സി) സംസ്ഥാന ഐ.ടി. മിഷൻ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

ഉത്തരം

(എ&ബി) ഇ-താൾ വെബ് പോർട്ടലിൽ ഇലക്ട്രോണിക് ഇടപാടുകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഇന്ത്യയിൽ നിലവിൽ കേരളം മൂന്നാം സ്ഥാനത്താണ്. ഓരോ ദിവസവും നടക്കുന്ന ഇലക്ട്രോണിക് ഇടപാടുകളുടെ എണ്ണം അനുസരിച്ച് സംസ്ഥാനങ്ങളുടെ സ്ഥാനങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. ഇതിനോടകംതന്നെ പല ദിവസങ്ങളിലും കേരളം ഒന്നാമത് എത്തിയിട്ടുണ്ട്. ഒരു ഇ-ഗവേണൻസ് ആപ്ലിക്കേഷൻ ഇ-താളിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്:

1. ഉപഭോക്താവ് സേവനങ്ങൾ ആവശ്യപ്പെടുന്നത് ഇലക്ട്രോണിക് മാതൃകയിൽ ആവണം. അത് മൊബൈൽ ഫോണിലൂടെയോ വെബ്സൈറ്റിലൂടെയോ ആവാം.

2. ഉപഭോക്താവ് ഇപ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്നതും സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നതും വിതരണം ചെയ്യുന്നതും ഇലക്ട്രോണിക്/ഡിജിറ്റൽ രൂപത്തിലാകണം.



LIBRARY ARCHIVES Kerala Legislative Assembly